പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3967

21/06/2018 ൽ മറുപടിക്ക്

## തളി തസ്തികയിലെ നിയമനങ്ങൾ

ചോദ്യം

**ശ്രീ.ആർ. രാജേഷ്**

മറുപടി

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് നടത്തിയ തളി തസ്തികയിലെ നിയമനത്തിനായിട്ടുള്ള പരീക്ഷയിലെ റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ നടത്തിയ നിയമനങ്ങൾ എത്രയാണെന്ന് വ്യക്തമാക്കുമോ; | (എ) | ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് മുഖാന്തിരം തളി തസ്തികയിൽ നിയമനം നടത്തിയിട്ടില്ല. എന്നാൽ 2012 ൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് നടത്തിയ എഴുത്തു പരീക്ഷയിലൂടെ തയ്യാറാക്കിയ 456 പേരടങ്ങിയ റാങ്ക് ലിസ്റ്റിൽ നിന്നും 385 -ാം റാങ്ക് വരെയുള്ളവർക്ക് നിയമനം നല്കിയിട്ടുണ്ട്. |
| (ബി) | തളി തസ്തികയിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിലേയ്ക്ക് ഒഴിവുകളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല. |
| (സി) | നിലവിലുള്ള ഒഴിവുകളിൽ കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരുടെ എണ്ണം എത്രയാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (സി) | കരാറടിസ്ഥാനത്തിൽ തളി തസ്തികയിൽ നിയമനം നടത്തിയിട്ടില്ല. |
| (ഡി) | റാങ്ക് ലിസ്റ്റിൽ നിന്നും ഒഴിവുള്ള തസ്തികയിലേക്ക് നിയമനം നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | റാങ്ക് ലിസ്റ്റ് നിലവിലില്ല. |

സെക്ഷൻ ഓഫീസർ